www.malankaralibrary.com

# മറിയത്തോടൊപ്പം യേശുവിനെ ആരാധിക്കുക

ഡോ. കെ.എം. ഫ്രാൻസിസ്

പ്രാർത്ഥന ദൈവവുമായുള്ള സംഭാഷണമാണ്. നമ്മുടെ ജീവിതം ദൈവത്തിനു മുൻപിൽ തുറന്നുവെയ്ക്കുമ്പോൾ ദൈവം നമ്മോടു സംസാരിക്കുന്നു. ഒരു വ്യക്തിയും അവന്റെ പിതാവായ ദൈവവും തമ്മിലുള്ള സ്വകാര്യമായ പങ്കുവെയ്ക്കലാണ് പ്രാർത്ഥനയുടെ ആരംഭം. യേശു പറയുന്നു, ''നീ പ്രാർത്ഥിക്കുമ്പോൾ മുറിയിൽ കതകടച്ചിരുന്ന് നിന്റെ സ്വർഗ്ഗസ്ഥനായ പിതാവിനോട് സംസാരിക്കുക''. നാം ദൈവത്തോട് സംസാരിച്ചതിനു ശേഷം മൗനിയായിരിക്കുമ്പോൾ (silence) ദൈവം എന്താണ് പറയുന്നതെന്ന് നമ്മുടെ ആന്തരീകതയിലൂടെ ദൈവം വെളിപ്പെടുത്തും.

വ്യക്തിപരമായ നമ്മുടെ പ്രാർത്ഥന ശരിയായ ദിശയിലാണെങ്കിൽ, പ്രാർത്ഥന സാമൂഹിക ആരാധനയായി പരിണമിക്കും. ഈ ആരാധനയാണ് വിശുദ്ധ കുർബ്ബാന. വിശുദ്ധ കുർബ്ബാനയിൽ 'ഞാൻ' എന്നത് ''ഞങ്ങൾ'' എന്നായിത്തീരുന്നു. മുറിയിൽ കതകടച്ചിരുന്ന് ''ഞാൻ വിശ്വസിക്കുന്നു'' വെന്ന് ഏറ്റുപറയുന്നു. എന്നാൽ ദേവാലയത്തിൽ വരുമ്പോൾ ''ഞങ്ങൾ വിശ്വസിക്കുന്നു'' എന്ന് ഏറ്റുപറയാൻ കഴിയുന്നുവെങ്കിൽ നമ്മുടെ പ്രാർത്ഥന യഥാർത്ഥ ദിശയിലാണ്. വിശുദ്ധ കുർബ്ബാന ക്രൈസ്തവ ജീവിതത്തിന്റെ എല്ലാ നന്മകളുടെയും ഉറവിടവും, പ്രാർത്ഥനകളുടേയും പരമോന്നത പ്രകാശനവുമാണ്.

## യേശു ക്ഷണിക്കുന്നു

വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കാൻ ആരാണ് നമ്മെ ക്ഷണിക്കുന്നത്? ലൂക്കായുടെ സുവിശേഷത്തിലെ ഒരു സവിശേഷ വചനം ഇക്കാര്യം വ്യക്തതമാക്കും. ''പീഢകൾ സഹിക്കുന്നതിനു മുൻപ് ഈ പെസഹാ നിങ്ങളോടൊപ്പം ഭക്ഷിക്കാൻ ഞാൻ അതിയായി ആഗ്രഹിച്ചു''(ലൂക്ക 22:15). ഈ വചനത്തിൽ ''നിങ്ങളോടൊപ്പം'' എന്ന വാക്കിൽ ഉൾപ്പെടുന്നത് ലോകം മുഴുവനിലും, ലോകാരംഭം മുതൽ ലോകാവസാനം വരെ ജീവിക്കുന്ന ഓരോ മനുഷ്യനുമാണ്. (ഫ്രാൻസിസ് മാർപ്പാപ്പ, ഞാൻ അതിയായി ആശിച്ചു, 4).

മാത്രമല്ല ലോകത്തിൽ എവിടെ അർപ്പിക്കുന്ന ദിവ്യപൂജയിൽ നാം പങ്കെടുക്കുമ്പോഴും, യേശുവിന്റെ പെസഹായിലാണ് പങ്കുചേരുന്നത്. നമ്മുടെ ദേവാലയത്തിൽ ഇന്ന് നാം വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ, നാം യേശു മാളിക മുറിയിൽ നടത്തിയ ആഘോഷമായ പെസഹാ വിരുന്നിലാണ് പങ്കെടുക്കുന്നത്. ഈ വിരുന്നിന്റെ ഉള്ളടക്കം അവിടുത്തെ പീഢാസഹനവും, കുരിശുമരണവും, ഉത്ഥാനവും അതുവഴിയായുള്ള പരിശുദ്ധാത്മാവിന്റെ വർഷിക്കലുമാണ്. യേശുവിന്റെ പീഢാസഹനം, കുരിശുമരണം, ഉത്ഥാനം, പരിശുദ്ധാത്മാവിനെ വർഷിക്കൽ എന്നീ നാലു കാര്യങ്ങളെ തിരുസ്സഭ ''പെസഹാ രഹസ്യം'' (Paschal Mystery) എന്ന രണ്ടു വാക്കുകളിൽ അടയാളപ്പെടുത്തുന്നു. യേശുവിന്റെ ഈ ക്ഷണക്കത്താണ് വിശുദ്ധ കുർബ്ബാന സ്വീകരണത്തിന് മുൻപ് ശുശ്രൂഷി വിളിച്ചറിയിക്കുന്നത്. ''വിശുദ്ധ കുർബ്ബാന സ്വീകരിക്കാൻ (പെസഹാ കുഞ്ഞാടിന്റെ അഥവാ യേശുവിന്റെ ശരീരവും രക്തവും) തിരുസഭ നിങ്ങളെ ക്ഷണിക്കുന്നു''. സീറോ മലബാർ കുർബ്ബാനയിൽ ശുശ്രൂഷി നടത്തുന്ന ഈ ക്ഷണം

www.malankaralibrary.com

തന്നെ ലത്തീൻ സഭയിലെ വിശുദ്ധ കുർബ്ബാനയിലും കേൾക്കാവുന്നതാണ്. ''ദിവ്യകുഞ്ഞാടിന്റെ വിരുന്നിന് ക്ഷണിക്കപ്പെട്ടവരെ നിങ്ങൾ ഭാഗ്യവാന്മാർ''.

ഈ ക്ഷണം സ്വീകരിക്കാൻ നമ്മുടെ യോഗ്യത എന്താണ്? യേശു ക്ഷണിച്ചു എന്നത് മാത്രമാണ്. വിശുദ്ധ കുർബ്ബാനയിൽ നാം ഇപ്രകാരം പറയുന്നു, ''ഞാൻ അയോഗ്യനാണ്, ഞാൻ തീർത്തും അയോഗ്യനാണ്'' ''അങ്ങ് ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി, ഞാൻ ശുദ്ധിയുള്ളവനായിത്തീരും''. എന്താണ് ശുദ്ധി? ദിവ്യകുഞ്ഞാടിന്റെ രക്തത്തിൽ കഴുകി വെളുപ്പിച്ച വിശുദ്ധിയുടെ വസ്ത്രം (മാമ്മോദീസ, കുമ്പസാരം) ധരിച്ചിട്ടുവേണം നാം വിശുദ്ധ കുർബ്ബാനയിൽ എത്തിച്ചേരാൻ ( ഞാൻ അതിയായി ആശിച്ചു, 5).

## ആരാധിക്കാൻ എന്തിനാണ് മറിയം?

ആരാധിക്കാൻ എന്തിനാണ് മറിയം എന്ന് പെന്തക്കോസ്ത വിഭാഗങ്ങൾ ചോദിക്കുന്നു. വിശുദ്ധ ഗ്രന്ഥം തന്നെ ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നു. ''അവർ അമ്മയായ മറിയത്തോടൊപ്പം യേശുവിനെ ആരാധിച്ചു''(മത്താ 2 : 11). ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നവർ മറിയത്തോടൊപ്പം യേശുവിന്റെ ജീവിതത്തെ ധ്യാനിക്കുന്നുവെന്നാണ് വി. ജോൺ പോൾ രണ്ടാമൻ പഠിപ്പിക്കുന്നത്. നാം ഇഷ്ടപ്പെടുന്ന വ്യക്തിയുടെ സാന്നിദ്ധ്യം അനുഭവിക്കാനുള്ള മാർഗ്ഗമാണല്ലോ ധ്യാനം. ഒരു കാമുകൻ കാമുകിയുമായുള്ള ജീവിത അനുഭവങ്ങളെ ധ്യാനിക്കുന്നു. അതിനുപകരം വിശ്വാസി യേശുക്രിസ്തുവിന്റെ ജീവിതത്തെ ധ്യാനിക്കുന്നു. ഈ ധ്യാനമാണ് ജപമാല ധ്യാനം. പെസഹാ രഹസ്യങ്ങളാണ് നാം ധ്യാനിക്കുന്നത്. യേശുവിന്റെ ജനനം, ജീവിതം, പീഢാസഹനം, കുരിശുമരണം, ഉത്ഥാനം, പരിശുദ്ധാത്മാവിനെ വർഷിക്കൽ മുതലായവയാണ് ജപമാലയുടെ ഉള്ളടക്കം. ഈ ധ്യാനം നടത്താൻ എന്തിനാണ് മറിയത്തെ നമ്മുടെ ഭവനത്തിലേക്ക് കൂട്ടികൊണ്ടുപോകുന്നത്? വിശുദ്ധ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ''യോഹന്നാൻ അവളെ തന്റെ ഭവനത്തിലേക്ക് കൂട്ടികൊണ്ടുപോയി'' എന്നു നാം കാണുന്നു (യോഹ 19: 27). മാത്രമല്ല പരിശുദ്ധാത്മാവിനെ കാത്തിരുന്ന ശിഷ്യഗണം മറിയത്തിന്റെ സാന്നിദ്ധ്യത്തിലാണ് പ്രാർത്ഥിക്കുന്നത്. അവർ അമ്മയായ മറിയത്തോടൊപ്പം ദൈവത്തെ ആരാധിച്ചു(നടപടി 1 : 14).

ആത്മീയ വളർച്ചയ്ക്കായി മറിയത്തിന്റെ സഹായം തേടുന്നത് മനുഷ്യമനസ്സിന്റെ ചില സ്വഭാവങ്ങളെ മറികടക്കാനാണ്. പാപം ചെയ്ത മനുഷ്യന് ദൈവത്തിന്റെ മുഖത്തേയ്ക്ക് നോക്കാൻ ഭയമാണ് (ഉല്പത്തി 3:11). കുറ്റബോധത്തിൽ നിന്നാണ് ഈ ഭയം വരുന്നത്. അതുകൊണ്ടുതന്നെ ഒറ്റയ്ക്ക് മുറിയിലിരുന്ന് ദൈവവുമായി സംഭാഷണം നടത്തുക എന്നത് മനുഷ്യന് ഭയം ജനിപ്പിക്കുന്നു. പാപികളുടെ അധരങ്ങൾക്ക് ദൈവസ്തുതി ഇണങ്ങുന്നില്ല എന്ന് പ്രവാചകന്മാർ പഠിപ്പിക്കുന്നു. ദൈവത്തിന്റെ ''മുഖം'' ദർശിക്കാനുള്ള നമ്മുടെ ഭയത്തെ ഇല്ലാതാക്കുന്നവനാണ് യേശുക്രിസ്തു. അതുകൊണ്ട് പരമമായ ആരാധന യേശു നടത്തിയ പെസഹാ ഭക്ഷണമാണ്. എന്നാൽ പെസഹാ ഭക്ഷണത്തിൽ പങ്കുചേരാൻ കുഞ്ഞാടിന്റെ രക്തത്തിൽ കഴുകി വെളുപ്പിച്ച മാനസാന്തരം എന്ന വസ്ത്രം ധരിക്കണം (ഉല്പത്തി 3 : 21).

മറിയം പാപത്തിന്റെ കറ ഇല്ലാത്തവൾ ആയതിനാൽ അവൾക്ക് ദൈവത്തിന്റെ മുഖം (യേശുവിന്റെ മുഖം) ധ്യാനിക്കാൻ ഭയമില്ല. അതിനാൽ നാം മറിയത്തോടൊപ്പം ജപമാല പ്രാർത്ഥനയിലൂടെ യേശുവിന്റെ ജീവിതം ധ്യാനിക്കുമ്പോൾ, യേശു ദൈവമാണെന്ന് വെളിപ്പെടുത്തലിലേക്ക് ക്രമേണ വളരുന്നു. ഇക്കാര്യം അറിയാവുന്നതുകൊണ്ടാണ് ശിഷ്യന്മാർ മറിയത്തെ തങ്ങളുടെ ഭവനത്തിലേയ്ക്ക് കൂട്ടികൊണ്ടുപോയത്. അതുകൊണ്ട് ജപമാല ചൊല്ലി യേശുവിന്റെ ജീവിതം

www.malankaralibrary.com
ധ്യാനിക്കുന്നവർക്ക് പ്രാർത്ഥിക്കാനുള്ള മടുപ്പും ഭയവും മാറിക്കിട്ടും. ഇക്കാര്യം മനസ്സിലാക്കി കൊണ്ടാണ് നൂറ്റാണ്ടുകളായി കുടുംബനാഥന്മാർ കുടുംബപ്രാർത്ഥനയിൽ ജപമാല ഉൾപ്പെടുത്തി മറിയത്തോടൊപ്പം യേശുവിനെ ധ്യാനിപ്പിക്കാൻ മക്കളെ പരിശീലിപ്പിച്ചിരുന്നത്.

മാതാപിതാക്കൾ പഠിപ്പിച്ച വിശ്വാസം മാത്രമാണ് നിലനിൽക്കുന്നത്. മാതാപിതാക്കൾ പണിത വിശ്വാസത്തിന്റെ അടിത്തറയിൽ മാത്രമാണ് സിസ്റ്റേഴ്സിനും, വൈദീകർക്കും, മെത്രാന്മാർക്കും ആത്മീയതയെ വളർത്താൻ കഴിയുക. ഇക്കാര്യം വിശുദ്ധ ഗ്രന്ഥവും, സഭാ പ്രബോധനങ്ങളും അടിവരയിടുന്നു. ''നിന്റെ വലിയമ്മയായ ലോവീസിനും അമ്മയായ എവുനികെയിക്കും ഉണ്ടായിരുന്ന വിശ്വാസം ഇപ്പോൾ നിനക്കും ഉണ്ടെന്ന് എനിക്ക് ബോധ്യമുണ്ട്''(2 തിമോത്തി 1:6).

കുടുംബത്തിൽ മാതാപിതാക്കളാണ് കുഞ്ഞുങ്ങളെ വിശുദ്ധ കുർബ്ബാനയിലെ ആംഗ്യങ്ങളും, അടയാളങ്ങളും, പ്രാർത്ഥനകളും പഠിപ്പിക്കുന്നതെന്ന് ഫ്രാൻസിസ് മാർപ്പാപ്പ ചൂണ്ടിക്കാണിക്കുന്നു.(ഞാൻ അതിയായി ആശിച്ചു, 32). മറ്റുള്ളവർ വിതച്ചത് കൊയ്യാനാണ് യേശു ശിഷ്യന്മാരെ അയക്കുന്നുത്. ഇക്കാര്യം മനസ്സിലാക്കി മാതാപിതാക്കന്മാർ ജപമാല കുടുംബപ്രാർത്ഥനയിൽ ഉൾക്കൊള്ളിക്കുന്നത് നന്നായിരിക്കും. ജോലിയുള്ള അമ്മമാർ പലപ്പോഴും ജീവിത വ്യഗ്രതയിൽ കുടുംബ പ്രാർത്ഥന ഉപേക്ഷിച്ചാൽ അടുത്ത തലമുറയുടെ വിശ്വാസ ധാർമ്മിക ജീവിതം തകർന്നുപോകും എന്ന് ഓർമ്മിക്കണം. നമ്മുടെ വീട്ടിലായിരിക്കുമ്പോൾ മക്കളെ നമുക്ക് നിയന്ത്രിക്കാം. എന്നാൽ മക്കൾ ദൂരദേശത്തേയ്ക്ക് പോകുമ്പോൾ അവരെ നിയന്ത്രിക്കേണ്ടത് ദൈവവുമായുള്ള ബന്ധമാണ്. മാതാപിതാക്കൾ പഠിപ്പിച്ച വിശ്വാസമാണ് പൂർവ്വ യൗസേപ്പിനെ പൊത്തിഫറിന്റെ ഭാര്യയുമായുള്ള തെറ്റായ ബന്ധത്തിൽ നിന്ന് രക്ഷിച്ചത്. വിശ്വാസ പരിശീലനം മക്കളെ തിന്മകളിൽനിന്ന് രക്ഷിക്കാനുള്ള മാർഗ്ഗമാണ്.